CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ക്നാനായ വിവാഹാചാരങ്ങൾ

## ഒരെത്തിനോട്ടം

ഫാ. ജേക്കബ് വെള്ളിയാൻ

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

**BETH SLEEHE SEMINARY**
**KADUTHURUTHY**

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ക്നാനായ വിവാഹാചാരങ്ങൾ

## ഒരെത്തിനോട്ടം

ഫാ. ജേക്കബ് വെള്ളിയാൻ

### പശ്ചാത്തലം

പേർഷ്യൻ സാമ്രാജ്യത്തിലെ സഭയെ നയിച്ചിരുന്ന പൗരസ്ത്യ കാസോലിക്കായുടെ നിർദ്ദേശപ്രകാരം ക്നായിത്തോമ്മാ, ഉറഹാ മാർ യൗസേപ്പു മെത്രാനോടും വൈദികരോടും ശെമ്മാശന്മാരോടും 72 കുടുംബങ്ങളിൽപ്പെട്ട നാനൂറോളം വ്യക്തികളോടും ചേർന്ന് എ.ഡി. 345 ൽ കൊടുങ്ങല്ലൂരെത്തി. "കാലോചിതം പോലെ" ആബൂന്മാരെ (മെത്രാന്മാരെ) അവിടെനിന്നും അയച്ചുകൊണ്ടിരുന്നതിനാൽ അവരുടെ കീഴിൽ തനതായ വ്യക്തിത്വത്തോടുകൂടി ക്നാനായ സമുദായം വളർന്നുവന്നു. സുറിയാനി മെത്രാന്മാരുടെ കാലത്തും പതിനാറാം നൂറ്റാണ്ടു മുതൽ 3 നൂറ്റാണ്ടു കാലത്തേയ്ക്ക് ലത്തീൻ മെത്രാന്മാരുടെ കീഴിലും ക്നാനായക്കാർ ഈ തനിമ കാത്തുപോന്നു.

ഒരു ജനതയുടെ വ്യതിരക്തതയുടെ അടിസ്ഥാനമാണ് അവരുടെ ആചാരങ്ങൾ. വിവാഹാചാരങ്ങൾ ക്നാനായക്കാരെ സംബന്ധിച്ചിടത്തോളം ഇത്തരത്തിൽ വളരെ അർത്ഥവത്താണ്. രണ്ടാം വത്തിക്കാൻ സുന്നഹദോസ് വ്യക്തമായി പഠിപ്പിക്കുന്നു: "വിവാഹമെന്ന കൂദാശയോടനുബന്ധിച്ച് മറ്റേതെങ്കിലും സ്തുത്യർഹങ്ങളായ പാരമ്പര്യങ്ങളും ചടങ്ങുകളും ഏതെങ്കിലും പ്രദേശത്തു നടപ്പിലുണ്ടെങ്കിൽ അവ നിർവിഘ്നം തുടർന്നു പാലിക്കണമെന്നു തന്നെ പരിശുദ്ധ സുന്നഹദോസ് തീവ്രമായി ആഗ്രഹിക്കുന്നു.". (ആരാധനാക്രമം No. 77, 37)

ഈ ദൃശങ്ങളായ ആചാരങ്ങളാണ്. ക്നാനായക്കാർ ലോകത്തിലെവിടെയായാലും അവരെ ഒന്നിപ്പിച്ചുകൊണ്ടുപോകുന്ന സംഘടനാ മനോഭാവം ഉളവാക്കുന്നത്.

### ത്രിവേണി സംഗമം ആയ വിവാഹാചാരങ്ങൾ

കുടിയേറ്റക്കാർ യഹൂദക്രിസ്ത്യാനികളായിരുന്നു. അവരിൽ പച്ചപിടിച്ചു നിന്നിരുന്ന യഹൂദ ആചാരങ്ങളും അവരുടെ വിശ്വാസത്തിന്റെ ഭാഗമായ ക്രിസ്തീയ രീതികളും അവർ പരിരക്ഷിച്ചു. അവർ പ്രവേശിച്ചത് ഹൈന്ദവസംസ്കാരം തുടികൊണ്ടിരുന്ന ഭാരതത്തിലേയ്ക്കാണല്ലോ. അങ്ങനെ ഭാരതീയവും ക്രിസ്തീയവും യഹൂദരുടേതുമായ സംസ്കാരത്തിന്റെ സ്വാധീനം ഒരു ത്രിവേണി സംഗമം പോലെ ഈ വിവാഹചടങ്ങുകളിൽ കാണാം.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വിവാഹം അടിസ്ഥാനപരമായി കുടുംബത്തിന്റെ ഒരു ഉത്സവമാണ്. ക്രിസ്ത്യാനികളുടെ ഇടയിലും ആദ്യകാലത്ത് അങ്ങനെയായിരുന്നു. പിന്നീട് ഒത്തുകല്യാണവും വിവാഹചടങ്ങും ദൈവാലയത്തിൽവെച്ച് നടത്തി തുടങ്ങിയപ്പോഴും ക്നാനായക്കാർ തങ്ങളുടേതായ ഏറെ ആചാരങ്ങൾ വിവാഹത്തിന്റെ തലേദിവസവും വിവാഹദിനത്തിലും വീടുകളിൽ വച്ചു നടത്തിയിരുന്നു. അതു തുടരുകയും ചെയ്യുന്നു.

നിരവധി വ്യക്തികളെ കേന്ദ്രീകരിച്ചുള്ളതാണ് ക്നാനായ വിവാഹാചാരങ്ങൾ. മണവാളന്റെയും മണവാട്ടിയുടെയും കുടുംബങ്ങളിൽപ്പെട്ട ഏറെ വ്യക്തികൾ ഈ ചടങ്ങുകളിലെ കഥാപാത്രങ്ങളാണ്. കുടുംബബന്ധം ഊട്ടി ഉറപ്പിക്കാൻ ഉതകുന്നതാണ് ഈ സമ്പ്രദായം. കാരണവന്മാരെ ബഹുമാനിക്കുന്നതിനും സ്ത്രീകളെ ആദരിക്കുന്നതിനും ഈ ചടങ്ങുകളിൽ പ്രത്യേക വ്യഗ്രത കാണാം. മുതിർന്നവർക്കു പകരം ചെറുപ്പക്കാർക്ക് ഓരോ ചടങ്ങുകൾ നൽകി കാരണവന്മാരുടെ സ്ഥാനം എടുത്തു കളയുന്നത് ശരിയല്ല.

**പദവികൾ**

ക്നായിതോമ്മായ്ക്കും കൂട്ടർക്കും നൽകിയ പദവികൾ ഈ ആചാരങ്ങളിൽ കാണാം. ചില പദവികൾ മാത്രമേ ഈ ചടങ്ങുകളിൽ വ്യക്തമായി തിരിച്ചറിയാൻ സാധിക്കൂ. ഇലമടക്കി വിരുന്നുണ്ണുന്നത് അരപദവി ആയി പാണൻ പാട്ടിൽ പറയുന്നുണ്ട്. പല സ്രോതസ്സുകളിൽ നിന്നും എടുത്തുണ്ടാക്കിയ പദവികളുടെ ലിസ്റ്റിൽ അതു കണ്ടില്ലെന്നു വരാം. എന്നാൽ പാണൻ പാട്ടിൽ മാത്രമെ കാണുന്നുള്ളുവെങ്കിലും ക്നാനായക്കാർ ഇല ഇട്ടുണ്ണുമ്പോൾ തങ്ങളുടെ തനിമയായി അതിനെ പൊതുവിൽ കണക്കാക്കുന്നുണ്ട്.

സാധാരണ പാരമ്പര്യമനുസരിച്ച് കാരണവന്മാരായിരുന്നു ഈ ചടങ്ങുകൾ നിയന്ത്രിച്ചിരുന്നത്. എന്നാൽ അടുത്ത കാലത്ത് വീഡിയോഗ്രാഫേഴ്സ് ആ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുകയാണെന്നു തോന്നുന്നു. അവരുടെ സൗകര്യവും അവരുടെ സൗന്ദര്യബോധവുമാണ് പലപ്പോഴും ചടങ്ങുകൾക്ക് മാനദണ്ഡമായിത്തീരുന്നത്. അതുമല്ലെങ്കിൽ ഇതേപ്പറ്റി ആഴമായ പഠനമോ, പരിചയമോ ഇല്ലാത്ത ഏതെങ്കിലും ചെറുപ്പക്കാർ ഇതിൽ കൈകടത്തുകയും അവരുടെ മാനസിക സാന്ത്വലികതയ്ക്കനുസൃതമായി ചടങ്ങുകൾ നന്നായി ഭവിക്കുകയോ വികലമായി തീരുകയോ ചെയ്യുന്നു.

ആചാരാനുഷ്ഠാനങ്ങൾ ദിവ്യമായിട്ടാണ് കരുതപ്പെടുന്നത്. അക്കാരണത്താൽ ആചാരങ്ങളുടെ ആരംഭത്തിൽ ചൊല്ലുന്നതിന് ഹ്യസ്വമായ ഓരോ പ്രാർത്ഥന ഞാനും പുല്ലാപ്പള്ളി ജോൺ സാറും കൂടി തയ്യാറാക്കിയ "ക്നാനായ വിവാഹാചാരങ്ങൾ" എന്ന പുസ്തകത്തിൽ ചേർത്തിരുന്നു. അത് ഒരു മാതൃകയാക്കിമാത്രം തയ്യാറാക്കിയിട്ടുള്ളതാണ്.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART